ടുത്തുന്ന വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ നിർവ്വാഹമില്ല എന്ന് വനം വന്യജീവി വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം പരഗണിക്കാവുന്നതാണ്.

243 (1422) വ്യവസായ മാലിന്യം ഉല്പന്നമാക്കാനുള്ള പദ്ധതി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മാലിന്യം ഉല്പന്നമാക്കാനുള്ള ഏതെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളെ ഈ പദ്ധതിക്കു കീഴിൽ കൊണ്ടുവരാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതിക്ക് ഏതെങ്കിലും വിദേശസഹായം ലഭിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ഉദിക്കുന്നില്ല.

244 (1423) സോഫ്റ്റ്വെയർ വ്യവസായ രംഗത്ത് പുരോഗതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഫ്റ്റ്വെയർ രംഗത്ത് സംസ്ഥാനത്ത് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ ഏതെല്ലാമാണ്;

(ബി) സോഫ്റ്റ്വെയർ വ്യവസായ പുരോഗതിക്ക് എന്തെല്ലാം സഹായങ്ങളാണ് വ്യവസായ സംരംഭകർക്ക് സർക്കാർ നൽകിവരുന്നത്;

(സി) ഇതിൽ കയറ്റുമതി പ്രോത്സാഹനത്തിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ നൽകിവരുന്നത്;

(ഡി) സോഫ്റ്റ്വെയർ കയറ്റുമതി വഴി എത്ര രൂപയാണ് സംസ്ഥാനത്തിന് 1999 നവംബർ 30 വരെ വരുമാനം ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സോഫ്റ്റ്വെയർ വ്യവസായത്തിന്റെ അനന്തസാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വർദ്ധിച്ചുവരുന്ന അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കെൽട്രോണിന്റെ കോർപ്പറേറ്റ് ഇൻഫർമേഷൻ ടെക്നോളജി സെന്ററിനു കീഴിൽ തിരുവനന്തപുരത്തും അരൂരിലുമായി പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ 15 സോഫ്റ്റ്വെയർ ഇഞ്ചിനീയർമാർ ആപ്ളിക്കേഷൻ സോഫ്റ്റ് വെയർ ഡെവലപ്മെന്റിൽ ഏർപ്പെട്ടിരിക്കുന്നു. കൂടാതെ കെൽട്രോണിന്റെ വാണിജ്യ പങ്കാളികളായ റ്റാറ്റാ ഇൻഫോടെക്, നെസ്റ്റ്, ക്രാൻ, പെന്റാ

LIBRARY ARCHIVES Kerala Legislative Assembly